 റ്റി.ആർ(2)8254/2020

കാർഷിക വികസന കർഷക ക്ഷേമ
വകുപ്പ് ഡയറക്ടറേറ്റ്, വികാസ് ഭവൻ
തിരുവനന്തപുരം,
തീയതി. 09/12/2020

## സർക്കുലർ

സ.ഉ.(എം.എസ്.) നം. 37/2017/കൃഷി 22/03/2017 ഉത്തരവിലെ Vാം ഖണ്ഡിക അംഗത്വം (1) പ്രകാരം സ്വന്തമായോ പാട്ടത്തിനോ കൃഷിയിറക്കുന്ന കർഷകർക്ക് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകുന്നതിന് അർഹതയുണ്ട് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ ഉത്തരവിൽ സ്വന്തമായോ പാട്ടത്തിനോ കൃഷി ചെയ്യുമ്പോൾ ഹാജരാകേണ്ട രേഖകളെ സംബന്ധിച്ച് പരാമർശിച്ചിട്ടില്ല. ഇത് സംബന്ധിച്ച് ജില്ലകളിലെ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്ക് പലവിധ സംശയങ്ങളും നിലനിൽക്കുന്നതിനാൽ താഴെ പറയുന്ന രേഖകൾ തെളിവിനായി സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതാണ് എന്ന് സ്പഷ്ടീകരണം നൽകുന്നു.

1. സ്വന്തം ഭൂമിയിൽ കൃഷി ചെയ്യുന്ന കർഷകർ കരം തീർന്ന രസീത് അല്ലെങ്കിൽ കൈവശാവകാശ സെർട്ടിഫിക്കറ്റ്, ഇതിൽ ഏതെങ്കിലും ഒന്ന് ഹാജരാക്കേണ്ടതാണ്.
2. പാട്ട കർഷകർ

   (a) ഉടമസ്ഥന്റെ കരം തീർന്ന രസീത് അല്ലെങ്കിൽ കൈവശാവകാശ സർട്ടിഫിക്കറ്റ് ഇതിൽ ഏതെങ്കിലും ഒന്നും വെള്ള പേപ്പറിൽ ഉള്ള ഭൂവുടമയും കർഷകനുമായുള്ള രണ്ട് സാക്ഷികളുടെ സാന്നിധ്യത്തിലുള്ള ഉടമ്പടിയും ഹാജരാക്കേണ്ടതാണ്. (അനുബന്ധം I)

   അല്ലെങ്കിൽ

   (b) ഭൂവുടമയും കർഷകനുമായുള്ള വെള്ള പേപ്പറിൽ തയ്യാറാക്കി കൃഷി ഓഫീസർ സാക്ഷ്യപെടുത്തിയ ഉടമ്പടി ഹാജരാക്കേണ്ടതാണ്. (അനുബന്ധം II)

Sd/=
കൃഷി ഡയറക്ടർ

To

എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും

9.12.20
RADHAKRISHNAN. K
Addl. Director of Agriculture (CP)
Directorate of Agriculture
Vikas Bhavan, Thiruvananthapuram

## അനുബന്ധം - I

## പാട്ട ഉടമ്പടി

കൃഷി ചെയ്യുന്നതിന് ഭൂവുടമയും പട്ടക്കാരനും തമ്മിലുള്ള ഉടമ്പടി ........................ ആണ്ട് ........................ മാസം ........................ തീയതി ............ വില്ലേജിൽ ................ കരയിൽ ................വീട്ടിൽ .................... വയസുള്ള ............................... ഒന്നാം കക്ഷിയായും .................. വില്ലേജിൽ ................. കരയിൽ .................................. വീട്ടിൽ ............................... വയസുള്ള ............................ രണ്ടാം കക്ഷിയായും താഴെ പറയുന്ന സാക്ഷികൾ മുമ്പാകെ പരസ്പരം സമ്മതിച്ച് തയ്യാറാക്കുന്ന പാട്ടക്കരാർ.

നമ്മളിൽ ഒന്നാം കക്ഷിയുടെ ........................ താലൂക്കിൽ ........................... വില്ലേജിൽ ........................, ......................... എന്നീ സർവ്വേ നമ്പറുകളിൽപ്പെട്ട ................ ഏക്കർ പാടം / പുരയിടം .................................... കൃഷി ചെയ്യുന്നതിന് രണ്ടാം കക്ഷിക്ക് ഇന്നു മുതൽ .................... മാസത്തേക്ക് താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി പാട്ടത്തിന് വിട്ടു തന്നിരിക്കുന്നു.

1. വിളവെടുത്താലുടൻ തന്നെ ടി സ്ഥലം ഒന്നാം കക്ഷിക്ക് വിട്ടുകൊടുക്കേണ്ടതാണ്.
2. കൃഷി വകപ്പിൽനിന്നും കൃഷി ചെയ്യുന്നതിന് ലഭിക്കുന്ന ആനുകൂല്യം രണ്ടാം കക്ഷിക്ക് കൈപറ്റാവുന്നതാണ്.
3. കൂടാതെ ഭൂവുടമയ്ക്ക് (ഒന്നാം കക്ഷിക്ക്) മറ്റു കഷ്ടനഷ്ടങ്ങളെന്തെങ്കിലും വന്നാൽ പാട്ടത്തിനെടുത്ത വ്യക്തിയുടെ (രണ്ടാം കക്ഷിയുടെ) ചുമതലയിലും ഉത്തരവാദിത്തത്തിലും തീർപ്പാക്കേണ്ടതാണ്. പാട്ടത്തിന് കൊടുക്കുമ്പോഴുള്ള എല്ലാ നിയമങ്ങളും ഇതിനു ബാധകമാകുന്നു.

ഒന്നാം കക്ഷി

രണ്ടാം കക്ഷി

സാക്ഷികൾ

1. സ്ഥലം :

തീയതി :

2.

## അനുബന്ധം - II

## പാട്ട ഉടമ്പടി

കൃഷി ചെയ്യുന്നതിന് ഭൂവുടമയും പട്ടക്കാരനും തമ്മിലുള്ള ഉടമ്പടി ..................... ആണ്ട് ....................... മാസം ......................... തിയതി ............... വില്ലേജിൽ ................ കരയിൽ ................വീട്ടിൽ .................... വയസുള്ള .............................. ഒന്നാം കക്ഷിയായും .................. വില്ലേജിൽ ................ കരയിൽ ................................ വീട്ടിൽ .............................. വയസുള്ള ............................ രണ്ടാം കക്ഷിയായും താഴെ പറയുന്ന സാക്ഷികൾ മുമ്പാകെ പരസ്പരം സമ്മതിച്ച് തയ്യാറാക്കുന്ന പാട്ടക്കരാർ.

നമ്മളിൽ ഒന്നാം കക്ഷിയുടെ ....................... താലൂക്കിൽ .......................... വില്ലേജിൽ ................, ............... എന്നീ സർവ്വേ നമ്പറുകളിൽപ്പെട്ട ................ ഏക്കർ പാടം / പുരയിടം ................................... കൃഷി ചെയ്യുന്നതിന് രണ്ടാം കക്ഷിക്ക് ഇന്നു മുതൽ .................... മാസത്തേക്ക് താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി പാട്ടത്തിന് വിട്ടു തന്നിരിക്കുന്നു.

1. വിളവെടുത്താലുടൻ തന്നെ ടി സ്ഥലം ഒന്നാം കക്ഷിക്ക് വിട്ടുകൊടുക്കേണ്ടതാണ്.
2. കൃഷി വകുപ്പിൽനിന്നും കൃഷി ചെയ്യുന്നതിന് ലഭിക്കുന്ന ആനുകൂല്യം രണ്ടാം കക്ഷിക്ക് കൈപറ്റാവുന്നതാണ്.
3. കൂടാതെ ഭൂവുടമയ്ക്ക് (ഒന്നാം കക്ഷിക്ക്) മറ്റു കഷ്ടനഷ്ടങ്ങളെന്തെങ്കിലും വന്നാൽ പാട്ടത്തിനെടുത്ത വ്യക്തിയുടെ (രണ്ടാം കക്ഷിയുടെ) ചുമതലയിലും ഉത്തരവാദിത്തത്തിലും തീർപ്പാക്കേണ്ടതാണ്. പാട്ടത്തിന് കൊടുക്കുമ്പോഴുള്ള എല്ലാ നിയമങ്ങളും ഇതിനു ബാധകമാകുന്നു.

ഒന്നാം കക്ഷി

രണ്ടാം കക്ഷി

സാക്ഷികൾ

1. സ്ഥലം :

തീയതി :

2.

### കൃഷി ഓഫീസറുടെ സാക്ഷ്യപത്രം

(ഒന്നാം കക്ഷിയുടെ ഭൂമി സംബന്ധിച്ച രേഖ സമർപ്പിക്കാത്ത സാഹചര്യത്തിൽ)*

മേൽ പ്രസ്താവിച്ച ................ വില്ലേജിലെ .............. സർവ്വേ നംമ്പറിലുള്ള ............ (വിസ്തീർണ്ണം) ഭൂമിയിൽ രണ്ടാം കക്ഷി യഥാർത്ഥത്തിൽ ................... കൃഷി (വിളയുടെ പേര്) ചെയ്തിട്ടുണ്ട് എന്ന വിവരം സാക്ഷ്യപ്പെടുത്തുന്നു.

കൃഷി ഓഫീസർ

* ഒന്നാം കക്ഷിയുടെ ഭൂമി സംബന്ധിച്ച രേഖ സമർപ്പിക്കാത്ത സാഹചര്യത്തിൽ മാത്രം മേൽ സൂചിപ്പിച്ച കൃഷി ഓഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.